'90613/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :05-04-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം

ദിനേശ് എം വി
മുണ്ടത്ത് വീട്
പുത്തൻപല്ലി
ഗുരുവായൂർ
തൃശ്ശൂർ - 680103

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. വിവരാവകാശ നിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷ
2. കെ എസ് എസ് എം അഡ്മിനിസ്ട്രേറ്റീവ് ആന്റ് അക്കൗണ്ട്സ് ഓഫീസറുടെ 13/03/2023 ലെ KSSM/259/2023-DEO5 നം കത്ത്.

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിനായി താങ്കൾ സമർപ്പിച്ച അപേക്ഷ സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. അപേക്ഷ പ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടി താഴെ ചേർക്കുന്നു.

1. ഫിസിക്കലി ഹാന്റിക്കേപ്പ്ഡ് വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് ലഭ്യമാവുന്ന ജോലികളുടെ ലിസ്റ്റ് ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

2. മെന്റലി / റിട്ടാർഡഡ് (45%) വിഭാഗത്തിൽ വരുന്ന ഭിന്നശേഷിക്കാർക്ക് ലഭ്യമാവുന്ന സർക്കാർ ജോലികളുടെ ലിസ്റ്റ് ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. 2016 ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 34(1) പ്രകാരം d കാറ്റഗറിയിൽ ഉൾപ്പെടുന്ന Autism, Intellectual Disability, Specific Learning Disability And Mental Illness വിഭാഗത്തിൽ വരുന്ന ഭിന്നശേഷിക്കാർക്ക് 1% സംവരണം ആണ് അനുവദിച്ചിട്ടുള്ളത്.

3. ബിരുദം നേടിയിട്ടുള്ള MR വിഭാഗത്തിൽ വരുന്ന ഭിന്നശേഷിക്കാർക്ക് ലഭ്യമാവുന്ന സർക്കാർ ജോലികളുടെ ലിസ്റ്റ് ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. 2016 ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 34(1) പ്രകാരം d കാറ്റഗറിയിൽ ഉൾപ്പെടുന്ന Autism, Intellectual Disability, Specific Learning Disability And Mental Illness വിഭാഗത്തിൽ വരുന്ന ഭിന്നശേഷിക്കാർക്ക് 1% സംവരണം ആണ് അനുവദിച്ചിട്ടുള്ളത്.

ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ സംബന്ധിച്ച വിവരങ്ങൾക്കും അനുബന്ധ ഉത്തരവുകൾക്കും താങ്കൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ വെബ് സൈറ്റ് -

www.sjd.kerala.gov.in പരിശോധിക്കാവുന്നതാണ്.

മേൽ കാണിച്ച മറുപടിയിൽ താങ്കൾ തൃപ്തനല്ല എങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അപ്പീൽ അധികാരി മുമ്പാകെ 30 ദിവസത്തിനകം താഴെ കാണിച്ചിരിക്കുന്ന മേൽ വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ശ്രീ സുഭാഷ് കുമാർ കെ വി
ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, അഞ്ചാം നില
തിരുവനന്തപുരം -33

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം